

വളപട്ടണം സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിന്റെ തിങ്ങിനിറഞ്ഞ ഗാലറി

# സെവൻസ് എന്നാൽ വളപട്ടണം

• പ്രശാന്ത് പുത്തലത്ത്

തൊട്ടടുത്ത തീവണ്ടിപ്പാളത്തിലൂടെ കുതിച്ചുപാഞ്ഞ വണ്ടിയുടെ ചൂളംവിളി കളിപ്പാടത്തിലെ ആരവത്തിൽ മുങ്ങിപോയിരുന്നു. കാൽപന്തുകളി വിരുന്നൂട്ടാൻ എത്തുന്ന നാളുകളിൽ വളപട്ടണം ശരിക്കും ഇളകിമറിയും. വീറും വാശിയും വെല്ലുവിളിയും വാദ്യഘോഷങ്ങളും വളപട്ടണത്തെ മൈതാനത്തെ ആവേശത്തിലാഴ്ത്തും. കേരളത്തിലെ സെവൻസ് എന്നതിന്റെ പര്യായമാണ് വളപട്ടണം ടൗൺ സ്പോർട്സ് ക്ലബ് സംഘടിപ്പിക്കുന്ന അഖിലേന്ത്യ ടൂർണ്ണമെന്റ്.

സെവൻസിൽ ആദ്യമായി ഫ്ളഡ്ലൈറ്റ് സംവിധാനം ഒരുക്കിയത്, ആദ്യമായി സ്വർണ്ണക്കപ്പ് ഏർപ്പെടുത്തിയത്, നിരവധി കാരുണ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്, അതിന് പുറമേ സാഹിത്യത്തിന്റെ ലോകത്തേക്കുമുള്ള ചുവടുവെപ്പ്... ടൗൺ സ്പോർട്സ് ക്ലബിനെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഒട്ടനവധിയാണ്.

സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിനെ ജനതയുടെ സംസ്ക്കാരമായി മാറ്റിയത് ഈ ക്ലബായിരുന്നു. 1977 മുതലായിരുന്നു എ.കെ. കുഞ്ഞിമായൻ ഹാജി സ്മാരക സെവൻസ് ഫുട്ബോളിന് തുടക്കമായത്. അക്കാലത്തെ സായാഹ്നങ്ങളിൽ വളപട്ടണത്തേക്ക് കാൽപന്തുകളിയെ ഹൃദയത്തിലേറ്റിയവരുടെ ഒഴുക്കായിരുന്നു. പിന്നീട് 1998ൽ ക്ലബിന്റെ സിൽവർ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കേരളത്തിലാദ്യമായി സെവൻസിനെ ഫ്ളഡ്ലൈറ്റിന്റെ നിറപ്രഭയിലേക്ക് മാറ്റിയപ്പോൾ ഒഴുക്കിന് ആക്കം കൂടി; സമയക്രമം മാറി എന്നതൊഴിച്ചാൽ. കാൽപന്തുകളിയുടെ വാഗ്ദത്ത ഭൂമിയായിരുന്നു കണ്ണൂർ ജില്ലക്കാർക്ക് വളപട്ടണം സെവൻസ്. ഉൻമാദത്തിന്റെ എത്രയെത്ര പൗർണമികൾ. അമാവാസിയുടെ കൂരിരുട്ടിൽ അകപ്പെട്ടതുപോലെയായ എത്ര കളി ജീവിതങ്ങൾ.

ഇന്ത്യയിലെ ഒട്ടുമിക്ക താരങ്ങളും ഇവിടെ ബൂട്ടണിഞ്ഞിട്ടുണ്ട്. വിദേശത്ത് നിന്ന് എത്തിയ എത്രയോ താരങ്ങൾ മൈതാനത്തെ കോരിതരിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ ജേഴ്സി അണിഞ്ഞ മംഗല അബ്ദുൾ സലാമും സർവീസസിനു വേണ്ടി കളിച്ച കെ.എം. മുഹമ്മദ് സാലിയും കേരള സംസ്ഥാനതാരം ജൗഹർ എളയടത്തും വളപട്ടണത്ത് നിന്ന് ഉയർന്ന നക്ഷത്രങ്ങളാണ്.

കേരള ഫുട്ബോൾ അസോസിയേഷനിൽ അഫിലേറ്റ് ചെയ്ത ടീം. ജില്ലാ ലീഗ് നാലാം ഡിവിഷൻ ജേതാക്കൾ. 2017ൽ ദുബായിൽ ചെന്ന് മൽസരിച്ച് കപ്പുയർത്തിയത്. ഷിലോങ്ങിൽ നടന്ന മൽസരത്തിലെ രണ്ടാംസ്ഥാനക്കാർ. ഒറീസയിൽ നടക്കാൻ പോകുന്ന അഖിലേന്ത്യ ഫുട്ബോൾ ടൂർണ്ണമെന്റിൽ കളിക്കാൻ ക്ഷണം ലഭിച്ചത് ടൗൺ ഫുട്ബോൾ കോച്ചിംഗ് സെന്റർ ടീമിന്. വളപട്ടണം പെരുമ പുഴ കടന്ന് പോവുകയാണ്.

1989-91കാലത്ത് എൻ.ഐ.എസ്. കോച്ചിനെ വച്ച് 13നും 17നും ഇടയിലുള്ള കുട്ടികൾക്ക് സൗജന്യ ഫുട്ബോൾ പരിശീലനം സംഘടിപ്പിച്ച ക്ലബിന്റെ കളിക്കാർക്ക് ജൗഹർ എളയടത്തും അക്കാദമി അംഗീകാരമുള്ള പരിശീലകൻ കെ.പി. സൽമാൻ ഫാരീസും കളിയുടെ പാഠങ്ങൾ പകർന്നുനൽകുന്നു.

ശിഹാബുദീൻ പൊയ്ത്തുംകടവിന്റെ 'ആർക്കും വേണ്ടാത്ത കണ്ണ്' രണ്ടാംപതിപ്പും അദേഹത്തിന്റെ തന്നെ ആദ്യ കവിതാസമാഹാരമായ 'കടൽ മരുഭൂമിയിലെ വീടും'പ്രധാന ചുമതല ഏറ്റെടുത്തത് ഈ ക്ലബായിരുന്നു. കേരള സാഹിത്യ അക്കാദമിയുമായി ചേർന്ന് നടത്തിയ എം.ആർ.കെ.സി. അനുസ്മരണം, ഏകദിന ചെറുകഥാക്യാമ്പ്



എളയടത്ത് അഷ്റഫ്



ടി.വി. അബ്ദുൾ മജീദ് ഹാജി

ത്ത്, ബാലസാഹിത്യകാരൻ പി. നരേന്ദ്രനാഥ് അനുസ്മരണം എന്നിവ ക്ലബിന്റെ സാഹിത്യമുഖം. ജീവകാരുണ്യരംഗത്തെ സംഭാവനകൾ എണ്ണിയാലൊടുങ്ങില്ല. ടി.വി. അബ്ദുൾ മജീദ് ഹാജി പ്രസിഡണ്ടും എളയടത്ത് അഷ്റഫ് സെക്രട്ടറിയുമായ കമ്മിറ്റിയാണ് ഇപ്പോൾ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്.

# ബ്രസീലിനായി പ്രാർത്ഥനകളോടെ മുൻ ഇന്ത്യൻ ക്യാപ്റ്റൻ



കെ.വി. ധനേഷ്

• റോയി തോമസ്

ബ്രസീൽ ആരാധകനായ എനിക്ക് കപ്പ് ബ്രസീൽ അല്ലാതെ വേറൊരാൾ നേടുമെന്ന് പറയാൻ കഴിയുമോ...? ഇക്കുറി ഹോളണ്ടില്ല, ഇറ്റലി ഇല്ല. എഴുതി തള്ളാൻ കഴിയാതെ ചെറുപ്പക്കാരുമായി ഇംഗ്ലണ്ടും, ഫ്രാൻസുമുണ്ട്. ബെൽജീയം താരം അസദ് (ചെൽസി) തിളങ്ങാൻ കാത്തിരിക്കുന്നു. ബ്രസീൽ സെറ്റ് ടീം ആയതുകൊണ്ടാണ് കപ്പ് നേടുമെന്ന് പറയാൻ കാരണമെന്ന് മുൻ ഇന്ത്യൻ ക്യാപ്റ്റൻ കെ.വി. ധനേഷ്.

1998ൽ ലോകകപ്പ് ക്വാളിഫൈ മൽസരത്തിൽ കളിച്ചിട്ടുണ്ട്. എന്നാൽ 2002ൽ നടന്ന ക്വാളിഫൈ മൽസരത്തിൽ ഗ്രൂപ്പ് രണ്ടിൽ യു.എ ഐയുമായുള്ള മൽസരത്തിൽ 1-0 നാണ് പരാജയപ്പെട്ടത്. ബൈച്ചങ്ങ് ബൂട്ടിയ റെഡ് കാർഡ് കണ്ട് പുറത്ത് പോയതാണ് കാരണം. പത്ത് പേരെ വെച്ചാണ് കളിച്ചത്. അത് നമുക്ക് തിരിച്ചടിയായി. അത് മറക്കാൻ കഴിയാത്ത അനുഭവമാണ്.

ഇന്ത്യക്ക് വേണ്ടി 80ന് മേലെ രാജ്യാന്തര കളികളിൽ മൽസരിച്ചിട്ടുണ്ട്. ശ്രീലങ്കയിൽ നടന്ന (99ൽ) സ്വീഡൻ കപ്പിലും ഇംഗ്ലണ്ടിൽ നടന്ന 2002ലെ പര്യടനത്തിലും ഇന്ത്യൻ ക്യാപ്റ്റനായിരുന്നു കെ.വി. ധനേഷ്. 98ൽ സന്തോഷ് ട്രോഫി, ബാംഗ്ലൂരിൽ 97ൽ നാഷണൽ ഗെയിംസിൽ ജേതാക്കളുമായിട്ടുണ്ട്.

ഇന്ന് ഇന്ത്യൻ ഫുട്ബോൾ ഏറെ മുന്നോട്ട് പോയിട്ടുണ്ട്. അണ്ടർ 17 ലോകകപ്പ് വന്നതോടെ മൂന്ന് വർഷം ജർമ്മനിയിൽ പരിശീലനം നേടിയ ഇന്ത്യൻ ടീമാണ് കളത്തിലിറങ്ങിയത്.

എന്നാൽ അപ്രതീക്ഷിതമായി എട്ട് വർഷം ജർമ്മനിയിൽ പരിശീലനം നൽകേണ്ടത് പൊടുന്നനെ നിർത്തിയത് നിർഭാഗ്യകരമാണ്. രണ്ട് ഐ ലീഗ് മൽസരങ്ങൾ ഇപ്പോൾ നടക്കുന്നത് കൊണ്ട് നിരവധി താരങ്ങൾക്ക് കളിക്കാൻ അവസരം കിട്ടുന്നുണ്ടെന്നും കെ.വി. ധനേഷ് പറഞ്ഞു.



ധനേഷ് ഫുട്ബോൾ മൽസരത്തിനിടയിൽ

# അമ്പേറ്റ മണ്ണിൽ നിന്നും കിളിർത്ത ഫുട്ബോൾ

• സദാശിവൻ ഇരിങ്ങൽ

"മഴകൊണ്ട് മാത്രം മുളക്കുന്ന വിത്തുകൾ, ചിലതുണ്ട് മണ്ണിൻ മനസിൽ" എന്നതൊരു സിനിമാഗാനത്തിലെ വരികളാണ്. 1965 കാലത്ത് കാൽപന്തുകളിയെ പ്രണയിച്ച് പന്തുതട്ടി നടന്ന ഒരു പറ്റം ചെറുപ്പക്കാരിൽ സ്നേഹമഴയായി പെയ്തിറങ്ങിയവരാണ് സി.വി. കുഞ്ഞിക്കണ്ണനും ഇ. രാഘവനും. ആ സ്നേഹമഴയിൽ മുളച്ച വിത്തുകളാണ് ഒരുകാലത്ത് കണ്ണൂർ- കാസർക്കോട് ജില്ലകളിൽ സെവൻസ് ഫുട്ബോളിലെ യുവതുർക്കികളായ സന്തോഷ് സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്, ഏമ്പേറ്റ്.

1972ൽ ആരംഭിച്ച ക്ലബ് നാട്ടുകാരുടെ സഹകരണത്തോടെ 1976ൽ ചെറുപാറയിൽ ഒന്നര ഏക്കർ സ്ഥലം വാങ്ങി സ്വന്തം ഗ്രൗണ്ട് പണിതു. സ്വന്തമായി മൈതാനമുള്ള ജില്ലയിലെ അത്യപൂർവം ക്ലബുകളിലൊന്ന്. അവിടെയും തീർന്നില്ല അവരുടെ മുന്നോട്ടുള്ള കുതിപ്പ്. 1998 സപ്തംബർ നാലിന് ക്ലബിന് സ്വന്തം കെട്ടിടമെന്ന സ്വപ്നം യാഥാർത്ഥ്യമായി. പരിയാരം ഏമ്പേറ്റ് ടൗണിനടുത്ത് രണ്ടര സെന്റ് സ്ഥലം വാങ്ങിയാണ് കെട്ടിടം പണിതത്. നാട്ടുകാർ അതിനും തുണയായി നിന്നു.

അമ്പേറ്റ മണ്ണാണ് പിന്നീട് ഏമ്പേറ്റ് എന്ന പേരിൽ അറിയപ്പെട്ടതെന്ന് സ്ഥലനാമ ചരിത്രം. അമ്പേറ്റത് എങ്ങനെ എന്നതിനെ കുറിച്ച് വ്യത്യസ്ത പുരാവൃത്തങ്ങളുണ്ട്. അതെന്തായാലും ശരവേഗതയുണ്ടായിരുന്നു സന്തോഷ് ക്ലബിന്റെ ഫുട്ബോൾ വളർച്ചയ്ക്ക്.

കണ്ണൂർ- കാസർക്കോട് ജില്ലകളിൽ കാൽപന്ത് കളിയെ ജനകീയമാക്കിയത് സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റുകളാണ്. ഓരോ മൈതാനങ്ങളിലേക്കും സായാഹ്നങ്ങളിൽ ഒഴുകിയെത്തിയ ജനക്കൂട്ടത്തെ സംബന്ധിച്ച് ഒരുകാലത്ത് ഫുട്ബോൾ അതുമാത്രമായിരുന്നു. മൈതാനങ്ങളെ ത്രസിപ്പിച്ചുകൊണ്ട്, കാണികളെ ആവേശത്തിമർപ്പിലാഴ്ത്തി എത്രയോ കിരീടങ്ങൾ സ്വന്തമാക്കിയിട്ടുണ്ട് ഈ ക്ലബ്. സന്തോഷ് ക്ലബ് ഓഫീസിലെ ഷോക്കേസുകളിൽ തിങ്ങിനിറഞ്ഞ ചെറുതും വലുതുമായ ട്രോഫികൾ അതിന്റെ സാക്ഷ്യം. 90കളിൽ സെവൻസ് മൈതാനങ്ങളെ അടക്കി വാണത് ശരിക്കും സന്തോഷ് ക്ലബായിരുന്നു.

കളിച്ചും കളി പഠിപ്പിച്ചും അവർക്കൊരു ബാലനുണ്ടായിരുന്നു. കേരള സംസ്ഥാന പോസ്റ്റൽ ആന്റ് ടെലിഗ്രാഫ് ടീമിന്റെ അമരത്തുണ്ടായിരുന്ന എ. ബാലൻ. ഇന്ത്യൻ ഫുട്ബോളിന്റെ ഈറ്റില്ലമായ കൊൽക്കത്തയിലടക്കം പന്ത് തട്ടിയവൻ. 2016 ആഗസ്ത് 15ന് ഈ ലോകത്തോട് വിടപറയും വരെ സന്തോഷിന് തണലേകിയ വടവൃക്ഷമായിരുന്നു അദേഹം.



സി.വി. കുഞ്ഞിക്കണ്ണൻ



ഇ. രാഘവൻ



പരിയാരം ബാലൻ



ഇന്ത്യൻ ആർമി ജൂനിയർ കോച്ച് ആയിരുന്ന വി. സുജിത്ത്

ബാലൻ മാത്രമല്ല സന്തോഷിന്റെ മൈതാനത്ത് പന്ത് തട്ടി ശ്രദ്ധേയ കളിക്കാരായി മാറിയ നിരവധി പേരുണ്ട്. കണ്ണൂർ കണ്ട ഏറ്റവും മികച്ച ഗോൾകീപ്പറായിരുന്ന വി. സുജിത്ത്. ആർമിയിൽ ഉദ്യോഗസ്ഥനായ അദേഹം ഇന്ത്യൻ ആർമി ജൂനിയർ ടീമിന്റെ പരിശീലകനായും സേവനമനുഷ്ഠിച്ചിരുന്നുവെന്ന് അറിയുമ്പോഴാണ് സന്തോഷിന്റെ മൈതാനത്ത് മുളപൊട്ടിയ വിത്തിന്റെ കരുത്ത് തിരിച്ചറിയുക. കണ്ണൂർ സർവ്വകലാശാല താരങ്ങളായിരുന്ന കുട്ടപ്പൻ എന്ന ഷിജു, ഷാജു, വേഗത കൊണ്ടും പന്തടക്കം കൊണ്ടും സെവൻസ് മൈതാനങ്ങളുടെ രോമാഞ്ചമായിരുന്ന കളിയെഴുത്തുകാരൻ കൂടിയായ വൈശാഖ് തുടങ്ങി എത്രയോ പേർ കാൽപന്തുകളിയുടെ വ്യാകരണം പഠിച്ചത് സന്തോഷിന്റെ മൈതാനത്ത് നിന്നായിരുന്നു.

38 വർഷമായി സെവൻസ് ടൂർണ്ണമെന്റ് നടത്തിയെന്ന മഹിത പാരമ്പര്യവുമുണ്ട് ഈ ക്ലബിന്. പഴയതുപോലെ പന്തുകളിയെ ജീവിതത്തിന്റെ ഭാഗമായി നെഞ്ചേറ്റാൻ പുതുതലമുറക്ക് കഴിയുന്നില്ലായെന്ന പൊതുഅവസ്ഥ സന്തോഷ് ക്ലബും അഭിമുഖീകരിക്കുന്നുണ്ട്. എങ്കിലും ആ പരിമിതിയെ മറികടക്കാനുള്ള പദ്ധതികളുമായി ഈ നാടിനെ കാൽപന്തുകളിയുടെ ജീവവായുവാക്കി മാറ്റിയവർ മുന്നോട്ടുപോവുകയാണ്. കെ. ശരത്ത് പ്രസിഡണ്ടും പാലയാട് സനൂപ് സെക്രട്ടറിയുമായ കമ്മിറ്റിയാണ് അക്ഷീണയത്നം തുടരുന്നത്.


